**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3034** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ വിഷയത്തിലെ നിലപാട്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. അൻവർ സാദത്ത് , ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. ടി. ജെ. വിനോദ്** | | **null (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്നും ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും മുഖ്യമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രസ്താവനയ്ക്ക് ആധാരമാക്കിയത് ഏത് പഠന റിപ്പോർട്ടാണെന്ന് വ്യക്തമാക്കാമോ; തമിഴ് നാട് സർക്കാർ സുപ്രീം കോടതിയിൽ മുല്ലപ്പെരിയാർ കേസ് വാദത്തിൽ ഡാം സുരക്ഷിതമാണെന്ന് സ്ഥാപിക്കുവാൻ പ്രസ്തുത പ്രസ്താവന ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി ഇത്തരത്തിൽ ഒരു പ്രസ്താവന നടത്തിയിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങൾ പരിഭ്രാന്തരാവേണ്ടതില്ല എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. |
| (ബി) | ഈ വർഷത്തെ നയപ്രഖ്യാപനത്തിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ മുൻ നിലപാടിൽ നിന്ന് വ്യത്യസ്തമായ നയസമീപനം സ്വീകരിക്കുവാൻ എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ; | (ബി) | വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് "കേരളത്തിന് സുരക്ഷ തമിഴ്‌നാടിന് ജലം" എന്ന നിലപാടിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടില്ല. |
| (സി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാർ തുടർച്ചയായി നിലപാട് മാറ്റുന്നത് സുപ്രീം കോടതിയിൽ കേസ് ദുർബലപ്പെടുത്തുന്നതിന് കാരണമാകുമോയെന്ന് അറിയിക്കാമോ? | (സി) | വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് "കേരളത്തിന് സുരക്ഷ തമിഴ്‌നാടിന് ജലം" എന്ന നിലപാടിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ